A.L.P.S, MODAPOIKA

# A.L.P. SCHOOL MODAPOIKA

Modapoika P.O., Edakkara - 679331
Malappuram Dist., Kerala.



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷൻ : 100

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക നിലവാരം മെച്ചപ്പെടുത്താനും ആസൂത്രിതമായ രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരം കാഴ്ചവെക്കുന്നതിനുമായി വിദ്യാലയത്തിന്റെ തനതു പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഒരു കരടുരൂപരേഖയാണിവിടെ അവതരിപ്പിക്കുന്നത്. എല്ലാവർക്കും പഠന നേട്ടം, വിദ്യാലയ മികവിലൂടെ' എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പഠന പ്രവർത്തനങ്ങൾ ഈ അക്ഷരമുറ്റത്ത് ആരംഭിച്ചുകഴിഞ്ഞു. പഠനവും സർഗ്ഗാത്മകതയും നൈപുണികളും കൈകോർത്തുകൊണ്ട് ജീവിക്കാനുള്ള സംരക്ഷണത്തിനുള്ള പങ്കാളിത്തത്തിനുള്ള വികസനത്തിനുള്ള അവകാശം നേടിയെടുക്കുക എന്ന ആദ്യന്തിക ലക്ഷ്യപ്രാപ്തി ഈ തലമുറയിലെയും വരും തലമുറയിലേയും കുരുന്നുകൾക്ക് വെളിച്ചമേകാൻ ഈ സംരംഭം ഏറെ പ്രയോജനകരമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഈ സദുദ്യമത്തിന് സഹായഹസ്തങ്ങൾ നീട്ടിയവർക്ക് ഒരായിരം പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു.

### ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. ആ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുന്നതിനായി ഹ്രസ്വകാല ദീർഘകാലാടിസ്ഥാനത്തിൽ ഉള്ള പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ കരടുപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

- 1 മുതൽ 4 വരെ ക്ലാസുകളിൽ കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന്ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ഭൗതിക - മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക എന്ന ആശയത്തെ വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കുക

- ക്ലാസ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കുക.
- ലഘുപഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യ പഠന തന്ത്രങ്ങൾ മെച്ചപ്പെടുത്തുക
- പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും. പഠന പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക
- സ്കൂൾ തലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളെ ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരി മുക്ത സ്കൂൾ അന്തരീക്ഷം നിലനിർത്തുക
- ഭിന്നശേഷിക്കാരെ പ്രത്യേകം പരിഗണിക്കുന്നതിനു വേണ്ടിയും മുൻനിരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനായുള്ള വ്യത്യസ്ത പഠന രീതികൾ പാഠ്യ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക

## വിദ്യാലയ ചരിത്രം

**എ.എൽ.പി. എസ്. മൊടപ്പൊയ്ക നാളിതുവഴി...**

പൂർണ്ണമായും പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ വനപ്രദേശത്ത് സ്ഥിതി ചെയ്യുന്ന വഴിക്കടവ് പഞ്ചായത്ത് തങ്ങളുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി വിവിധ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ഗ്രാമത്തെ മുൻനിരയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം വികസനങ്ങളുടെ ഭാഗമായി 1982 ജൂൺ മാസത്തിലാണ് എ.എൽ.പി.എസ്. മൊടപ്പൊയ്ക എന്ന ഈ കൊച്ചു വിദ്യാലയത്തിന് ജന്മം ലഭിച്ചത്. തങ്ങളുടെ കുരുന്നു പ്രതിഭകൾക്ക് അക്ഷരജ്ഞാനം ഉണ്ടാവുക എന്നത് ഇവിടുത്തെ ഗ്രാമവാസികൾക്ക് തികച്ചും ആശ്വാസജനകമായിരുന്നു. ശ്രീ.കെജി. ഭാസ്കരൻ നായർ സ്കൂൾ മാനേജർ ആയി ആരംഭം കുറിച്ച ഈ സംരംഭം അദ്ദേഹത്തിന്റെ മരണ ശേഷം സഹധർമ്മിണി ശ്രീമതി. പി. ചന്ദ്രിക മാനേജർ ആയി തുടരുന്നു. ആദ്യ കാലങ്ങളിൽ ശ്രീമതി. ലൈലാമേരിയും പിന്നീട് ശ്രീ. പി. എൽ.ബാബു ഇൻചാർജായി ചുമതലയേറ്റെടുത്തു. 1985 ൽ ശ്രീ. കെ.എ. മാർക്കോസ് പ്രധാനാധ്യപകനായി ചുമതലയേൽക്കുകയും 1999 ൽ തന്റെ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. അതിനുശേഷം ശ്രീ. പി.എന ബാബു ഹെഡ്മാസ്റ്റർ പദവിയിലെത്തുകയും 2017 ൽ വിരമിക്കുന്നതു വരെ വിദ്യാലയത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പുരോഗതിക്ക് സഹൃദയം പ്രയത്നിക്കുകയും ചെയ്തു.തുടർന്ന് 2017ന് കെ.ജെ. ഏലിയാമ്മ പ്രധാനാധ്യാപികമായി ചുമതലയേറ്റു, 2018 മെയ് 31ന് വിരമിച്ചു. ശ്രീദേവി വി.ബി. ചുമതല നിർവ്വഹിച്ചു വിരമിക്കുകയും 2022 ഏപ്രിൽ മുതൽ ശ്രീമതി. ഷീബ ഫിലിപ്പ് പ്രധാനാധ്യാപികയായി ചുമതലയേറ്റു. തങ്ങളുടെ സ്തുത്യർഹമായ സേവനങ്ങൾക്ക്

വിരാമം അർപ്പിച്ചുകൊണ്ട് സർവ്വീസിൽ നിന്നും വിരമിച്ച മറ്റു അധ്യാപകർ ശ്രീമതി ലതിക., ശ്രീ. പി. അബ്ദുൽ കരീം, ശ്രീമതി. ശോഭന എൻ.എസ്., ശ്രീമതി. കെ.ടി. സലീന എന്നിവർ.

**അക്കാദമിക രംഗം**

വിദ്യാലയത്തിന്റെ പ്രാരംഭ ഘട്ടം മുതൽ തന്നെ പഠന പ്രവർത്തനങ്ങളിലും പഠനേതര പ്രവർത്തനങ്ങളിലും മികവുറ്റ സംഭാവനകളാണ് ഈ വിദ്യാലയം കാഴ്ചവച്ചുവരുന്നത്. 1986 മുതൽ എൽ.എസ്.എസ്. നേട്ടങ്ങൾക്ക് അറുതി വരുത്താതെ എല്ലാ വർഷവും മികവുറ്റ ആ നേട്ടം കൈവരിച്ച ഏക വിദ്യാലയം എ.എൽ.പി.എസ്. മൊടപ്പൊയ്ക എന്ന ഞങ്ങളുടെ ഈ കൊച്ചു അങ്കണം തന്നെയാണ്. ഇതുവരെ 95 എൽ.എസ്.എസ്. ഈ വിദ്യാലയത്തിന്റെ പൊൻതൂവലിൽ ചാർത്തിയിട്ടുണ്ട്. പഠന പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻ നിരയിലേക്കെത്തിക്കാനായി വിജയഭേരിയും മലയാളിത്തിളക്കവും വിദ്യാലത്തിന്റെ തനതു പരിപാടിയായ മുന്നേറ്റവും മികച്ച രീതിയിൽ കാഴ്ചവെക്കുന്നതിനായി എല്ലാ അധ്യാപകരും ഏക മനസ്സോടെ പ്രവർത്തിക്കുന്നു. തങ്ങളുടെ കലാ - കായിക മികവുകൾ പ്രകടിപ്പിക്കുന്നതിനായി എല്ലാ വിദ്യാർത്ഥികളും തങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്താറുണ്ട്. വിദ്യാലയത്തിന്റെ അക്കാദമിക ഭൗതിക പുരോഗതിക്കായി പി.ടി.എയുടെ മികച്ച പിന്തുണ ലഭ്യമാണ് എന്നുള്ളത് മറ്റൊരു പ്രത്യേകത കൂടിയാണ്. കുട്ടികളുടെ പഠനവേഗത, പഠന ശൈലി എന്നിവയെ പരിഗണിച്ചുകൊണ്ടുള്ള പഠന പ്രക്രിയകൾ ആസൂത്രണം ചെയ്യുന്നതിനും പഠനവും ബോധനവും ആഹ്ലാദകരവും അനുഭവങ്ങളും ആയി മാറ്റുന്നതിനുവേണ്ടി ചിട്ടയായ പ്രവർത്തനങ്ങളാണ് അക്കാദമിക രംഗത്ത് ഈ വിദ്യാലയം കാഴ്ചവെക്കുന്നത്. കമ്പ്യൂട്ടർ പഠനം, മുന്നേറ്റം, വീക്ക്ലി ക്വിസ്, മൻത്‌ലി ക്വിസ്, പൂന്തോട്ട നിർമ്മാണം, 2017 മുതൽ പ്രീ-പ്രൈമറി വിഭാഗം, എൽ.കെ.ജി., യു.കെ.ജി. ഈ സ്കൂളിൽ പ്രവർത്തനം ആരംഭിക്കുകയും 2025-26ൽ 100 ഓളം കുട്ടികൾ ഈ വിഭാഗത്തിൽ പഠനം തുടരുകയും ചെയ്യുന്നു. സ്കൂൾ സുരക്ഷാസമിതി - ബോധവൽക്കരണ ക്ലാസുകളും ആരോഗ്യ സംരക്ഷണ സമിതി - മെഡിക്കൽ ചെക്കപ്പുകളും കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്. എൽ.പി. തലം തൊട്ടുതന്നെ കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കികൊണ്ട് ഇവ ഉൾപ്പെടുത്തി കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ ആദ്യകാലംതൊട്ടുതന്നെ ഈ സ്കൂളിൽ നടന്നുവരുന്നുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## വിഷൻ ١٥٥

**ഉദ്ദേശ്യങ്ങൾ**

അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുക എന്ന ഉദ്ദേശ്യത്തോടെ അതിൽ ഉൾപ്പെടത്തിയ ഘടകങ്ങളുടെ സൂക്ഷ്മതല ആസൂത്രണവും സമഗ്രമായ ധാരണയും ഉൾപ്പെടുത്തി എസ്.ആർ.ജി., പി.ടി.എ. എസ്.എം.സി. കളിൽ ചർച്ചയിലൂടെ നിർദേശങ്ങളുംസൂചകങ്ങളും ക്രോഡീകരണം നടത്തിയത്.

**മേഖലകൾ**

- മാതൃഭാഷ
- ഇംഗ്ലീഷ്
- ഗണിതം
- ശാസ്ത്രപഠനം
- സാമൂഹ്യശാസ്ത്രം
- വ്യക്തിത്വ വികസനം
- നൈപുണി വികസനം
- വായന
- കായികം- ആരോഗ്യം മെച്ചപ്പെട്ട ഉച്ചഭക്ഷണം
- അബാക്കസ് പഠനം
- ഐ.ടി. പരിശീലനം
- ബോധവൽക്കരണ ക്ലാസ്സുകൾ

**പദ്ധതി രൂപീകരണ പ്രക്രിയ**

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുമായി 2025 മെയ് അവസാനം ചേർന്ന എസ്.ആർ.ജി യോഗത്തിൽ പ്രധാന അധ്യാപികയും സഹ അധ്യാപകരും ചേർന്ന് അക്കാദമിക പ്രവർത്തന പദ്ധതികളുടെ പൊതു ധാരണകൾ രൂപീകരിച്ചു. 01/06/2025 ന് നടന്ന യോഗത്തിൽ സൂക്ഷ്മതല ആസൂത്രണത്തിലേക്കായും കൂടുതൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമായി മേഖല തിരിച്ച് വിഷയാടിസ്ഥാനത്തിൽ അധ്യാപകരും മികച്ച പദ്ധതികൾ ആസൂത്രണം ചെയ്തു. 06/06/2025 നു ചേർന്ന പി.ടി.എ. എക്സിക്യൂട്ടീവ് യോഗത്തിൽ കരടു പ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചു.

**2025 – 26**

| ക്ലാസ് | ഡിവിഷൻ | കുട്ടികൾ | ആൺ | പെൺ |
|---|---|---|---|---|
| 1 | A : B | 55 | 28 | 27 |
| 2 | A : B | 48 | 23 | 25 |
| 3 | A : B | 45 | 26 | 19 |
| 4 | A : B | 48 | 22 | 26 |

LKG : 45 UKG : 35

2025 – 26 : ആകെ കുട്ടികൾ : 196

<u>**അധ്യാപക സ്ഥിതി വിവരം 2025 – 26**</u>

1. പ്രഥമാധ്യാപിക

   ശ്രീമതി. ഷീബ ഫിലിപ്പ്

സഹ അധ്യാപകർ

ശ്രീ. ബിപിൻ ജോസഫ്

ശ്രീമതി. ശ്രീജ പി.പി.

ശ്രീമതി. ദിവ്യ ടി.എം.

ശ്രീമതി. റഹിയാനത്ത് വി.പി.

ശ്രീമതി. അൽഫോൻസ ദേവസ്യ

ശ്രീ. അഭിനന്ദ് കെ.എസ്.

ശ്രീമതി. ലുലു ഹംല ഇ.എൻ. (അറബി)

**പ്രവർത്തന രൂപരേഖ – മേഖല –ഉപമേഖല**

കരടു രൂപരേഖ – വിഷയാടിസ്ഥാനത്തിൽ മേഖല– ഉപമേഖല ക്രമത്തില് ക്രോഡീകരണം നടത്തി അവതരിപ്പിച്ചു.

## ക്ലാസ് 1

## മേഖല : മലയാളം

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രമായ വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസീകവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും, ശാസ്ത്രത്തിലും ഗണിതത്തിലും, ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

**ലക്ഷ്യം**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥ കൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങളും മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നു റപ്പിക്കുന്നു.
- ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പാദ ങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നു. (ഗ്രാഫിക് വായന)
- ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു. വായിക്കുന്നു. (താര വന്നു, തത്ത വന്നു, താര അരി വിതറി).
- പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.

# പ്രവർത്തനപദ്ധതി

ലക്ഷ്യം

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതുവാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ➢ കളികളിലൂടെ ചിത്രവായന<br>➢ വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.<br>➢ നിറങ്ങൾ നൽകാൻ അവസരം ഒറുക്കൽ.<br>➢ ചിത്ര കാർഡുകൾ, വായന (വർക്ക് ഷീറ്റ്) നിർമ്മാണ ശില്പശാല.<br>➢ വായന സാമഗ്രികൾ തയ്യാറാക്കൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂലൈ | ➢ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>➢ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>➢ ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>➢ വായനാമൂല ഒരുക്കൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ആഗസ്റ്റ് | ➢ ചിത്രവായനാ കാർഡുകൾ തയ്യാറാക്കൽ<br>➢ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന പദങ്ങൾ, അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>➢ അക്ഷരപ്പാട്ടുകളിലൂടെ ചെറുചോദ്യങ്ങൾ ചോദിക്കുന്നു.<br>➢ ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.<br>➢ സ്കൂൾ ലൈബ്രറി നവീകരിക്കൽ, പ്രദർശനം. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | ➢ ചിഹ്നങ്ങൾ ഉ റപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.<br>➢ ലളിതമായ വായനാക്കാർഡുകൾ സഹായത്തോടെ തയ്യാറാക്കുന്നു. വായിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഒക്ടോബർ | ➢ ചിത്രവായന<br>➢ ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു. വായിക്കുന്നു.<br>➢ വായനോത്സവം സംഘടിപ്പിക്കൽ.<br>➢ ആസ്വാദനകരമായ വായന നടത്തൽ.<br>➢ എന്റെ വായന സമ്മാനം – പുസ്തകം പിറന്നാളിന് ലൈബ്രറിയിൽ നൽകൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| നവംബർ | ➢ വരികൾ കൂട്ടിച്ചേർക്കൽ.<br>➢ മാതൃകകൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ.<br>➢ പത്രവായനയ്ക്ക് അവസരം നൽകൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഡിസംബർ | ➢ ചെറു വിവരണങ്ങൾ കുട്ടി സ്വന്തമായി തയ്യാറാക്കൽ.<br>ഉദാ : ആന<br>വലിയ<br>കറുത്ത ആന<br>➢ മാഗസിൻ നിർമ്മാണം |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | ➢ ചിത്രകഥ<br>➢ ചെറുകഥകൾ കേൾക്കുന്നു.<br>➢ ചിത്രം നോക്കി പറയുന്നു.<br>➢ ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഫെബ്രുവരി | ➢ കൂട്ടുവായന – കുട്ടിക്കൂട്ടങ്ങൾ ചെറിയ വായനാകാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.<br>➢ ഇ–വായന സാധ്യത കണ്ടെത്തൽ, കെ.റ്റി. സാധ്യതകൾ ഉറപ്പാക്കൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| മാർച്ച് | ➢ കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിങ്ങനെയുള്ളവയുടെ പ്രകാശനം.<br>➢ നാട്ടുവായന - കുട്ടികൾ നിർമ്മിച്ച വായനാതന്ത്രങ്ങൾ അവതരിപ്പിക്കുന്നവ നവമാധ്യമങ്ങളിൽ പങ്കിടുന്നു.<br>➢ അമ്മവായന - അമ്മയും കുട്ടിയും (അമ്മ വായിച്ച് നൽകുന്ന വായനാസാമഗ്രികൾ ഒരു പതിപ്പാക്കുന്നു.)<br>➢ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന, സ്വന്തവായന, തന്ത്രവായന ഇങ്ങനെ ഉള്ള വായനകളെ പ്രോത്സാഹിപ്പിക്കുന്നു.<br>➢ സ്വന്തമായി എഴുതിയും വായിച്ചും വദ്യാസമ്പത്ത് ഉറപ്പിക്കുന്നു.<br>➢ 'എന്റെ വളരുന്ന പുസ്തകം' തയ്യാറാക്കൽ<br>➢ മാഗസിൻ നിർമ്മിക്കൽ.<br>➢ 'എന്റെ അക്ഷരപുസ്തകം' തയ്യാറാക്കുന്നു.<br>➢ പതിപ്പുകൾ തയ്യാറാക്കുന്നു.<br>➢ എന്റെ പാട്ടുപുസ്തകം തയ്യാറാക്കൽ.<br>➢ വായനാകാർഡുകൾ നിർമ്മിക്കുന്നു.<br>➢ ചെറുകഥകൾ രൂപപ്പെടുത്തുന്നു.<br>➢ പല തരത്തിലുള്ള കൈയെഴുത്തുമാസികകൾ രൂപപ്പെടുത്തി പി.ടി.എ. മീറ്റിംഗിൽ പ്രദർശനത്തിന് അവസരമൊരുക്കുന്നു. |

CLASS 1

# ENGLISH

## Introduction

The goal of this academic masterplan is to ensure a first grade child to speak, read and write simple words and sentence fluently. A 6 or 7 years old child is not able to speak english as they speak their mothertongue. So it is the duty of the first standard teacher to make a first grader feel good and love towards English language.

## Aim - Objectives

- Respond to simple instructions in the class room. (May I come in teacher?)
- Describes orally about pictues and objects using adjectives (Colour, Size, shape etc.)
- Enjoys songs and sings simple poems with rhythm and action.
- Use english words in their day to day life.
- Try to speak simple sentences without the fear of mistakes.

# ACTIVITIES PLAN

| Period | Activities |
|---|---|
| JUNE | ➢ Develpe listening skill<br>➢ Introduces simple words and their pronounciation.<br>➢ Try to speak simple request words or use english words for their belongings.<br>Eg : Eraser, Sharpner, Waterbottle, umbrella please move, thankyou, sorry etc. |

| Period | Activities |
|---|---|
| JULY | ➢ Says familiear words<br>➢ Writes familiar words<br>➢ Reads familiar words |

| Period | Activities |
|---|---|
| AUGUST | ➢ Enjoys songs and sings.<br>➢ Describes orally about pictures.<br>➢ Spoken english class starts. |

| Period | Activities |
|---|---|
| SEPTEMBER | ➢ Reads and write simple words<br>➢ Identify a familiar word from a paragraph and reads it.<br>➢ Try to read simple sentences with two or three words ? |

| Period | Activities |
|---|---|
| OCTOBER | ➢ Word chain<br>➢ Sentence making by words chain<br>Eg : Rose, Red rose, beautiful red rose.<br>➢ Identifies rhyming words. |

| Period | Activities |
| --- | --- |
| NOVEMBER | ➢ Try to make their own reading card<br>➢ Writes 5 English words daily and study its spellings and meanings.<br>➢ My growning book is being prepared. |

| Period | Activities |
| --- | --- |
| DECEMBER | ➢ More chances to speak and read english in classroom.<br>➢ Encourages the reading of simple reading cards.<br>➢ Gives all instructions in enlgish in the classroom. |

| Period | Activities |
| --- | --- |
| JANUARY | ➢ Collect the pictures of animals and birds and learn their English words.<br>➢ Learn the English words for their youngones.<br>➢ Enjoys songs and try to identify the words from the song (only audio is provided).<br>➢ Sings songs with rhythm and action.<br>➢ Speak about their family & my self. |

| Period | Activities |
| --- | --- |
| FEBRUARY | ➢ Provides oppertunity to express their feelings about School, Classroom, Frieds, Class Teacher etc. in English<br>➢ Give chances to speak in English in the class<br>➢ Provide oppertunity to appear in English assembly (Pledge, thought of the day etc.)<br>➢ Give chance to say welcome speach and vote of thanks in English on CPTAs. |

| Period | Activities |
| --- | --- |
| MARCH | ➢ Speaks in simple english fluently without fear.<br>➢ Can read and write english.<br>➢ Picture discription in English.<br>➢ Doing simple worksheets related to English. |

# ക്ലാസ് 1

## മേഖല : ഗണിതം

### ആമുഖം

ഒന്നാം ക്ലാസിൽനിന്നുതന്നെ അടിസ്ഥാന ഗണിതശേഷികൾ കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തവയാണല്ലോ. ഭാഷയിലും, ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും ശേഷികൾ നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ ശ്രദ്ധിക്കേണ്ടതാണ്. ഗണിതക്രിയകൾ ചെയ്യാത്ത ഒരു ദിനംപോലും നമ്മുടെയൊന്നും ജീവിതത്തിൽ ഇല്ല എന്നുതന്നെ പറയാം. ഗണിതം പാട്ടുകളിലൂടെയും വിവിധ കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

- 1 മുതൽ 50 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
- സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
- സംഖ്യകളെ അവരോഹണക്രമത്തിൽ എഴുതുന്നു.
- മുമ്പിൽ വരുന്ന സംഖ്യ ശേഷം വരുന് സംഖ്യ ഇവ നിഷ്പ്രയാസം എഴുതുന്നു.

  (ഉദാ: ......... 10, 15, ............ etc. )
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം 4 + 2 = 6
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം 4 – 2 = 2
- ഒരക്ക സംഖ്യാപാറ്റേണുകൾ, പസിലുകൾ എന്നിവ നിർദ്ധാരണം ചെയ്യുന്നു.
- ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ എന്നിവ തിരിച്ചറിയുന്നു.
- ഒരിക്ക സംഖ്യകളിൽ പകുതിയാക്കാവുന്നവയും അല്ലാത്തവയും തിരിച്ചറിയുന്നു.

# പ്രവർത്തനപദ്ധതി

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ➢ സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.<br>➢ 1 മുതൽ 10 വരെയുള്ള സംഖ്യകളുടെ കൂട്ടങ്ങളെ എണ്ണിയെടുക്കൽ.<br>➢ കൂടുതൽ, കുറവ് കൂട്ടങ്ങളിൽ നിന്നും തിരിച്ചറിയൽ.<br>➢ സംഖ്യകളെ എഴുതുകയും വായിക്കുകയും ചെയ്യൽ.<br>➢ 1 മുതൽ 10 വരെയുള്ള സംഖ്യകളെ തിരിച്ചറിയൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂലൈ | ➢ 1 മുതൽ 10 വരെയുള്ള സംഖ്യകളെ തിരിച്ചറിയൽ.<br>➢ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.<br>➢ ഒന്നു മുതൽ പത്ത് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കൽ.<br>eg : |




| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ആഗസ്റ്റ് | ➢ 1 മുതൽ 10 വരെയുള്ള സംഖ്യകളെ അവരോഹണ ക്രമത്തിൽ എഴുതൽ.<br>➢ ശേഷം വരുന്ന സംഖ്യകൾ തിരിച്ചറിയുകയും എഴുതുകയും ചെയ്യുന്നു. (1 – 20)<br>ഉദാ : 5, ................. 10, ........... 19, .............<br>8, ................. 16, ........... |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | ➢ സംഖ്യാഗാനങ്ങൾ ആസ്വദിക്കുകയും പാടുകയും ചെയ്യൽ.<br>➢ ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനക്രിയകൾ ചെയ്യൽ.<br>ഉദാ. : 3 + 2 = 5   1 + 1 = 2<br>4 + 1 = 5 |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | ➢ ഒന്നിനോട് ഒന്ന് കൂട്ടിയാൽ അടുത്ത സംഖ്യ ലഭിക്കും എന്ന ആശയം രൂപീകരിക്കൽ.<br>ഉദാ. : 1 + 1 = 2  2 + 1 = 3  3 + 1 = 4 |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഒക്ടോബർ | ➢ ഒരക്ക സംഖ്യകൾ തമ്മിലുള്ള വ്യവകലനം വസ്തുക്കൾ (മുത്ത്, മഞ്ചാടി, കടല, പയർ) എന്നിവ ഉപയോഗിച്ച് ചെയ്യൽ.<br>➢ 1 മുതൽ 30 വരെയുള്ള സംഖ്യകൾ എഴുതൽ, വായിക്കൽ.<br>➢ മുമ്പിൽ വരുന്ന സംഖ്യകൾ എഴുതൽ.<br>ഉദാ : ........, 5  ............., 17<br>........, 10  ............., 25<br>➢ 1 മുതൽ 30 വരെയുള്ള സംഖ്യകളുടെ മുമ്പിലും ശേഷവും വരുന്ന സംഖ്യകൾ എഴുതൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| നവംബർ | ➢ 1 മുതൽ 40 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ, എഴുതൽ, വായിക്കൽ.<br>➢ സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.<br>➢ ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ.<br>➢ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ എന്ന ആശയം രൂപീകരിക്കൽ.<br>1 2 3 4 5 6 7 8 9 10 |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഡിസംബർ | ➢ 1 മുതൽ 50 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ, എഴുതൽ, വായിക്കൽ.<br>➢ സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.<br>➢ ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ എഴുതൽ, വായിക്കൽ.<br>➢ ലളിതമായ വർക്ക്ഷീറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | ➢ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം. ആദ്യം 10നോട് കൂട്ടി ചെയ്യുന്നു.<br>ഉദാ : 10 + 1 = 11, 10 + 2 = 12<br>10 + 4 = 14, 10 + 5 = 15 etc.<br>➢ സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ (+, -) തിരിച്ചറിയൽ.<br>5 - 2 = 3, 9 - 7 = 2<br>➢ സംഖ്യാവ്യാഖ്യാനത്തിന്റെ ആദ്യപടിയിലേക്ക് കടക്കുന്നു - ഒറ്റക്ക സംഖ്യകൾ<br> |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | ➢ ഗണിത ആൽബം തയ്യാറാക്കൽ.<br>➢ ഉല്ലാസഗണിത പ്രവർത്തനങ്ങളിൽക്കൂടി കൂടുതൽ വ്യാവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>➢ വ്യവകലനം ഉൾപ്പെടുത്തിയ സംഖ്യാ വ്യാഖ്യാനം.<br>ഉദാ :<br> |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | ➢ ഗണിത ആൽബം പൂർത്തിയാക്കൽ.<br>➢ പാറ്റേൺ രീതിയിലുള്ള ലളിതമായ ക്രിയകൾ ചെയ്യൽ.<br>ഉദാ. : 5 10 15 20 (+5)<br>2 4 6 8 (+3)<br>3 6 9 12 (+3)<br>➢ സംഖ്യകളെ പകുതിയാക്കാൻ കഴിയുന്നവ അല്ലാത്തവ തിരിച്ചറിയാൻ ഗണിതകിറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>ഉദാ : 4 പന്തുകൾ രണ്ട് പേർക്ക് തുല്യമായി വീതിച്ചാൽ (2+2)<br>3 പന്തുകൾ തുല്യമായി വീതിക്കൂ.<br>➢ ഗണിത കേളികളിൽ ഏർപ്പെടൽ, ഐ.സി.റ്റി. സഹായത്തോടെ ഗണിത ക്രിയകൾ ചെയ്യൽ.<br>➢ പ്രശ്നവിശകലനക്രിയകളിൽ ഏർപ്പെടൽ - വിലവിവരപ്പട്ടിക.<br>➢ ഗണിതാശയങ്ങൾ ഉൾപ്പെടുത്തിയ വിവിധ വർക്ക്ഷീറ്റുകൾ നൽകൽ. |

## ക്ലാസ് 2

## മേഖല : മലയാളം

### ആമുഖം

2020–21 വർഷത്തെ പ്രവർത്തനങ്ങളിൽ കോവിഡിന്റെ സാഹചര്യം കുട്ടികൾക്കുണ്ടായ മാറ്റം കണ്ടതാണ്. ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കൊറോണ കാലത്ത് കുട്ടികൾക്ക് നഷ്ടപ്പെട്ട ശേഷീവികസന പ്രവർത്തനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

### ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും, പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത, ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസനാം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുന്നു.
- കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിലുള്ള വേദി ഒരുക്കുക.

### മുന്നൊരുക്കം

കുട്ടികളിൽ ഭാഷാവികാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തിരിച്ചറിയുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

# പ്രവർത്തനപദ്ധതി

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ➢ അവധിക്കാലത്ത് കുട്ടികൾ ചെയ്ത പ്രവർത്തനങ്ങൾ മറ്റുള്ളവരുമായി ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂലൈ | ➢ അക്ഷരക്കാർഡുകൾ നൽകുന്നു. നൽകിയ അക്ഷരക്കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ആഗസ്റ്റ് | ➢ കുട്ടികൾ നിർമ്മിച്ച പദങ്ങളിൽനിന്നും വാക്യങ്ങൾ നിർമ്മിക്കുന്നു. വാക്യങ്ങൾ വായിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | ➢ ടീച്ചറും, രക്ഷിതാക്കളും പറഞ്ഞുകേട്ട കഥകളിലെ ആശയം ഉൾക്കൊണ്ട് മറ്റുള്ളവരുമായി പങ്കിടുന്നു. കേട്ട കഥ ഭാവാത്മകമായി ചിത്രീകരിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഒക്ടോബർ | ➢ ക്ലാസ് മുറിയിലെ വായനാമൂലയിൽനിന്ന് വായന കാർഡുകൾ തെരഞ്ഞെടുക്കുന്നു. വായനാകാർഡുകൾ ടീച്ചറും, രക്ഷിതാക്കളും വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥ ചിത്രീകരിക്കുന്നു. വായനയിലൂടെ ലഭിച്ച കാര്യങ്ങൾ വാചികമായി പങ്കിടുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| നവംബർ | ➢ ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു. കുട്ടികൾക്ക് നൽകിയ വായന സാമഗ്രികൾ പ്രയോജനപ്പെടുത്തുന്നു. (പൂന്തോണി, പവിഴമല്ലി) |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഡിസംബർ | ➢ ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു. വായനയ്ക്ക് ശേഷം സർഗ്ഗവേളകളിൽ സ്വതന്ത്രമായി വായിച് കഥകൾ അവതരിപ്പിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | ➢ വായനാകാർഡുകൾ വായിക്കുന്നു. വായിച്ച കഥാപാത്രങ്ങളുടെ പേരുകൾ കുറിക്കുന്നു. ആവശ്യമായ സഹായങ്ങൾ നൽകുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഫെബ്രുവരി | ➢ ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ സ്കൂൾ ലൈബ്രറിയിൽ നിന്നും തെരഞ്ഞെടുക്കുന്നു. വായിച്ചതിനുശേഷം വായനാക്കുറിപ്പ് തയ്യാറാക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| മാർച്ച് | ➢ ലൈബ്രറിയിൽനിന്ന് കൂടുതൽ ബാലസാഹിത്യ കൃതികൾ വായിക്കുന്നു. വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു. വായനാക്കുറിപ്പുകൾ പൊതുവേദിയിൽ സ്വയം അവതരിപ്പിക്കുന്നു. സ്വന്തമായി കഥകൾ, കവിത, അനുഭവങ്ങൾ എന്നിവ തയ്യാറാക്കുന്നു. |

## CLASS 1

# ENGLISH

Aim : To speak, read as write english without any mistakes

Time : June to March

Pretest : To check the vocabulary and writing skills of pupils.

| Period | Activities |
|---|---|
| JUNE AND JULY | ➢ To develop listening skills of reading skills.<br>**Listening skills**<br>➢ Games, Action song hello english activities.<br>➢ Conversations, Skit stories use ICT speaking skills.<br>➢ Identify the naming words from the pictures.<br>➢ Identify the action words fromthe same pictures.<br>➢ Make simple sentences using the action word and naming words about the picture.<br>➢ Make symbol description about the picture.<br>➢ Growing sentences, picture reading, self introduction assembly are also conducted.<br>**Activities**<br>➢ Quiz riddles<br>➢ Self introduction |

| Period | Activities |
| --- | --- |
| AUGUST AND SEPTEMBER | ➢ Develop the creative speaking and writing<br>**Reading Skills**<br>➢ News paper reading<br>➢ Library books reading<br>➢ Book review<br>➢ Reading breaking news.<br>➢ Find words.<br>➢ Collect and read past tense.<br>➢ Rhyming words.<br>➢ Describing words.<br>➢ Text book activities.<br>**Writing Skills**<br>➢ Make word web.<br>➢ Picture description with describing words.<br>➢ Make words of sentences.<br>➢ Make riddles, conversations.<br>➢ Add more lines.<br>**Activities**<br>➢ Speech<br>➢ Book review<br>➢ Quiz riddles<br>➢ Self introduction. |

| Period | Activities |
|---|---|
| OCTOBER AND NOVEMBER | ➢ To express thoughts feelings etc...<br>**Reading Skills**<br>➢ News paper reading<br>➢ Library books reading<br>➢ Book review<br>➢ Reading text book.<br>➢ Conversations, Skit stories use ICT materials.<br>➢ Reads breaking news.<br>➢ Develop story.<br>➢ Read notice<br>**Writing Skills**<br>➢ Description<br>➢ Notice proclamation<br>➢ Thought.<br>**Activities**<br>➢ Speech<br>➢ Quiz riddles<br>➢ make magazines, skits etc... |

| Period | Activities |
|---|---|
| DECEMBER AND JANUARY | ➢ Develop the creativee speaking and writing.<br>➢ To express thoughts feelings etc...<br>**Reading Skills**<br>➢ News paper reading<br>➢ Library books reading<br>➢ Book review<br>➢ Text book reading<br>➢ Conversations, Skit stories use ICT materials.<br>➢ Reads breaking news.<br>➢ Develop story.<br>➢ Read diary<br>➢ Reads letters from friends. |

| Period | Activities |
| --- | --- |
| DECEMBER AND JANUARY | **Writing Skills**<br>➢ Diary<br>➢ Letter<br>➢ Announcement<br>**Activities**<br>➢ Speech<br>➢ Quiz riddles<br>➢ make magazines<br>➢ skits<br>➢ Class room post office. |

| Period | Activities |
| --- | --- |
| FEBRUARY AND MARCH | ➢ To improve the presentation power<br>**Reading Skills**<br>➢ News paper reading<br>➢ Library books reading<br>➢ Book review<br>➢ Reading text book.<br>➢ Conversations, Skit stories use ICT materials.<br>➢ Reads breaking news.<br>➢ Develop story.<br>➢ Read diary<br>➢ Reads letters from friends.<br>**Writing Skills**<br>➢ Diary, Letter, Announcement, Description<br>➢ Notice Proclamation , Thought<br>**Activities**<br>➢ Speech, Quiz riddles, Makes Magazines, Skit,<br>➢ Class Room Post Office, Exhibition etc... |

ക്ലാസ്
2

# മേഖല : ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം' പദ്ധതിയും മുന്നോട്ടുവന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായി യാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷകളു എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പാക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽനിന്ന് ക്രമമായി എണ്ണുന്നു (100-ൽ താഴെ) എഴുതുന്നു.
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

# പ്രവർത്തനപദ്ധതി

**മുന്നൊരുക്കം**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ - തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തനലക്ഷ്യം**

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ➢ 1, 2, 3, 4 .....................<br>1, 3, 5, 7 .............<br>10, 20, 30, 40, ....................<br>5, 10, 15, 20, .....................<br>2, 4, 6, 8, 10, .............. തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.<br>➢ ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂലൈ | ➢ ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരുകൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>➢ ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.<br>➢ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. (5 + 5 = 10, 10 + 10 = 20) |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ആഗസ്റ്റ് | ➢ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.<br>➢ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.<br>99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100 ആകും<br>100 ഒന്നുകൾ ചേർത്താൽ 100.<br>➢ ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | ➢ ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.<br>➢ വിലവിവരപ്പട്ടിക തയ്യാറാക്കൽ.<br>➢ ക്ലാസ്സിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഒക്ടോബർ | ➢ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. (രണ്ടക്ക സംഖ്യയിൽ നിന്നും, ഒരക്ക സംഖ്യകളുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)<br>➢ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.<br>➢ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ. പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)<br>5 .......... 10 .......... 15 .......... 20 .......... 25<br>(5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം) |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| നവംബർ | ➢ സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>➢ പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.<br>➢ 'ക്ലാസ്സിനൊരു കട' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.<br>➢ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.<br>10 രൂപ + 5 രൂപ = 15 രൂപ.<br>നോട്ട് നാണയം |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഡിസംബർ | ➢ സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>➢ സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)<br>➢ രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | ➢ വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തി പറയൽ.<br>➢ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ഫെബ്രുവരി | ➢ ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ (ഒന്ന് എന്ന് പറയുമ്പോൾ)<br>➢ ഉല്ലാസ ഗണിതം 'മെറ്റീരിയൽസ്' ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിതപഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| മാർച്ച് | ➢ കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br>➢ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും - തിരിച്ചറിവ്, മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.<br>➢ കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.<br>➢ കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.<br>➢ ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക. |

## ക്ലാസ് 3

## മേഖല : മലയാളം

**ലക്ഷ്യം - 1**

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. (മലയാളത്തിളക്കം, മുന്നേറ്റം പ്രവർത്തനങ്ങൾ), പഠന പിന്തുണ പ്രവർത്തനങ്ങൾ.

## പ്രവർത്തനപദ്ധതി

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ - ആഗസ്റ്റ് | ➢ പ്രീടെസ്റ്റ് - കുട്ടിയുടെ നിലവാരം അറിയുന്നതിന്.<br>➢ അക്ഷരം ഉറപ്പിക്കൽ.<br>➢ അടയാളം ഉറപ്പിക്കൽ<br>➢ അക്ഷരക്കാർഡുകൾ, വാക്കുകൾ എഴുതിയ കാർഡുകൾ നൽകൽ.<br>➢ ചിഹ്നങ്ങൾ ഉറപ്പിക്കൽ.<br>➢ ചിത്രം നൽകി കഥ പറയൽ.<br>➢ കഥ ബാക്കി എഴുതൽ.<br>➢ ചിഹ്നങ്ങൾ ചേർക്കാതെ വാക്കുകളുടെ കാർഡുകൾ നൽകൽ.<br>➢ വാക്കുകളെഴുതിയ കാർഡ് നൽകി രണ്ടോ മൂന്നോ വാക്കുകളെ ചേർത്തു പറയൽ.<br>➢ ലഘുവാക്യങ്ങൾ എഴുതൽ. |

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ - ഡിസംബർ | ➢ ചിത്രപ്രദർശനം - ചിത്രത്തിലെ ഓരോന്നിന്റെയും പേരെഴുതൽ.<br>➢ കഥയുടെ ബാക്കി ഭാഗം പറയൽ, എഴുതൽ.<br>➢ കഥാപുസ്തകം നൽകൽ - വലിയ അക്ഷരങ്ങളും ചിത്രങ്ങളുമുള്ള ത്.<br>➢ ചെറിയ ചെറിയ ചിത്രകഥകൾ നിർമ്മിക്കൽ. |

## ലക്ഷ്യം - 2

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികളേയും മലയാളം ശരിയായ ഭാവത്തോടെ, ശരിയായ ഉച്ചാരണ ശുദ്ധിയോടെ, നിർത്തേണ്ടിടത്ത് നിർത്തി, ശരിയായ ചിഹ്നങ്ങൾ ചേർത്ത് വായിക്കുന്നതിന് പ്രാപ്തരാക്കുക.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ - ഡിസംബർ | ➢ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>➢ വായനമൂല / ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.<br>➢ സ്കൂൾ ലൈബ്രറി നവീകരണം.<br>➢ വായനാവാരം, വായനോത്സവം സംഘടിപ്പിക്കൽ.<br>➢ പത്രവായന.<br>➢ അമ്മ വായന<br>➢ വായനാനുഭവം പങ്കുവെക്കൽ.<br>➢ പുസ്തചർച്ച<br>➢ വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>➢ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം - ക്ലാസ് സാഹിത്യവേദി.<br>➢ ദിനാചരണങ്ങൾ.<br>➢ ആസ്വാദകരമായ വായന.<br>➢ ലൈബ്രറിയിൽ പുസ്തകമെഴുത്ത് വായിക്കാനാവസരം - ശേഷം വായനാക്കുറിപ്പ് തയ്യാറാക്കൽ, അവതരണം.<br>➢ സ്കൂൾ സഭ - ബാലസഭ.<br>➢ ഭിന്നശേഷിക്കാരെ പരിഗണിക്കൽ.<br>➢ കഥ പറയൽ.<br>➢ ഉറക്കെ വായിപ്പിക്കൽ.<br>➢ പ്രധാന സാഹിത്യകാരന്മാർ, ജീവചരിത്രക്കുറിപ്പ് എന്നിവ വായിക്കുക - മറ്റു കുട്ടികൾ കേൾക്കെ വായിക്കുക - പരിചയപ്പെടുത്തുക. |

## ലക്ഷ്യം - 3

- കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക - ചിഹ്നങ്ങൾ ചേർത്ത്, വൃത്തിയോടുകൂടി എഴുതുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക.

| കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|
